"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. അനിൽകുമാർ. ജി, അസിസ്റ്റന്റ് രജിസ്ട്രാർ, കയർ പ്രോജക്ട് ഓഫീസ്, കായംകുളം - പ്രോജക്ട് ഓഫീസർ തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.871/2026/ID തീയതി,തിരുവനന്തപുരം, 02-08-2026

---

പരാമർശം:-

1. G.O(P) No 88/2017/Fin dated 11.07.2017
2. കയർ വികസന ഡയറക്ടറുടെ 18/02/2025-ലെ ഡിഐസി/1176/2023-സിഇ1 നമ്പർ നടപടിക്രമം
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 19/09/2025 -ലെ ഡിഐസി/4569/2025-ഇഡി2 നമ്പർ കത്ത്
4. 18/05/2026-ലെ സ.ഉ. (സാധാ) നം. 580/2026/വ്യവ

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ, കായംകുളം കയർ പ്രോജക്ട് ഓഫീസിലെ പ്രോജക്ട് ഓഫീസർ ശ്രീമതി. റഹ്മത്ത്. ആർ 17/02/2025 മുതൽ 03/04/2025 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് പ്രസ്തുത തസ്തികയുടെ അധിക ചുമതല അക്കാലയളവിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. അനിൽകുമാർ. ജി-യ്ക്ക് നൽകിയ കയർ വികസന ഡയറക്ടറുടെ പരാമർശം (1)-ലെ നടപടിക്രമത്തിന് സാധൂകരണം നൽകണമെന്നും അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ.അനിൽകുമാർ.ജി-യ്ക്ക് അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കയർ വികസന ഡയറക്ടറുടെ പരാമർശം (2)-ലെ നടപടിക്രമത്തിന് സാധൂകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ കായംകുളം കയർ പ്രോജക്ട് ഓഫീസിലെ പ്രോജക്ട് ഓഫീസർ തസ്തികയുടെ അധിക ചുമതല വഹിച്ച അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. അനിൽകുമാർ. ജി-യ്ക്ക് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53(b)(2)(as amended vide G.O(P)No. 88/2017/Fin dated 11.07.2017), 53A(II)(C), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 18.02.2025 മുതൽ 03.04.2025 വരെയുള്ള കാലയളവിൽ ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത ബി ചന്ദ്ര

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അനിൽകുമാർ. ജി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (18.07.2026- ലെ I&PW-A1/147/2026-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
Date: 03-08-2026
10:09:09

സെക്ഷൻ ഓഫീസർ